DISPATCHED
On....19/01/21....

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ സി.പി. 514(3)/2020/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ച തീയതി 15.12.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ഹരികൃഷ്ണൻ ആർ. എസ്.,<br>വൃന്ദാവനം,<br>വേവിള ലൈൻ,<br>ഊക്കോട് പി. ഒ.,<br>നേമം, തിരുവനന്തപുരം – 695 020. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഡി.വൈ.എസ്.പി.,<br>പോലീസ് ഹെഡ്ക്വാർട്ടേഴ്സ് കേരള,<br>ശാസ്തമംഗലം, തിരുവനന്തപുരം. | എതിർകക്ഷി |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 26.08.2020 |
| കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ച തീയതി | 05.09.2020 |
| ഹർജിക്കാരന്റെ പരാതി ഹർജി കൈപ്പറ്റിയ തീയതി | 07.09.2020 |

30.11.2020, 15.12.2020 എന്നീ തീയതികളിലായി കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ പരാതി ഹർജിയിൽ കമ്മീഷനിൽ ലഭ്യമായ മൊഴികളും സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2) പോലീസ് കോൺസ്റ്റബിൾ (ആംഡ് പോലീസ് ബറ്റാലിയൻ) തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം ജോലിക്ക് ഹാജരാകുന്നില്ല എന്ന് സൂചിപ്പിച്ചുകൊണ്ട് 30.06.2020 വരെ സമ്മതപത്രം സമർപ്പിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം, അപ്രകാരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ ആസ്ഥാനത്ത് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച സമ്മതപത്രങ്ങളെല്ലാം ലിസ്റ്റ് കാലാവധി കഴിയുന്ന 30.06.2020 ന് മുൻപായി പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ലഭിച്ചിട്ടുണ്ടോ

എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കേരള പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ.) ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ 2 ചോദ്യങ്ങൾക്കുള്ള മറുപടി ലഭിച്ചില്ല എന്നാരോപിച്ചു കൊണ്ടും അവയ്ക്ക് കൃത്യമായ വിവരം ലഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ആവ ശ്യപ്പെട്ടുകൊണ്ടുമാണ് ശ്രീ. ആർ. എസ്. ഹരികൃഷ്ണൻ ഈ പരാതി ഹർജി കമ്മീഷ നിൽ സമർപ്പിച്ചത്.

3) ഈ പരാതി ഹർജി സംബന്ധിച്ച് പോലീസ് ആസ്ഥാനത്തെ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ വിശദീകരിച്ചിരിക്കുന്നതും ഹിയറി ംഗിൽ പങ്കെടുത്ത് നേരിട്ട് ബോധിപ്പിച്ചതും ഹർജിക്കാരന്റെ പരാതിക്കാധാരമായ വിവര ങ്ങൾ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭിക്കുവാൻ താമസമുണ്ടായി എന്നും വിവരാവ കാശ നിയമത്തിലെ 5(4) വകുപ്പ് പ്രകാരം ഹർജിക്കാരന് മറുപടി കൊടുക്കുന്നതിനായി വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കുറിപ്പ് നൽകിയിരുന്നെങ്കിലും അത് ലഭി ക്കുവാനുണ്ടായ കാലതാമസം കൊണ്ടാണ് ഹർജിക്കാരന് വിവരം സമയബന്ധിതമായി നൽകുവാൻ കഴിയാതെ പോയതെന്നും എന്നാൽ 06.11.2020 – ന് I3(RTI)-88076/2020/PHQ നമ്പർ കത്തു പ്രകാരം ഹർജിക്കാരന് വിവരം ലഭ്യമാക്കിയിട്ടുണ്ടെന്നാ ണ്. അപ്രകാരം ലഭ്യമാക്കിയ മറുപടി കത്തിന്റെ പകർപ്പും കമ്മീഷനിൽ ഹാജരാക്കുക യുണ്ടായി. അതിൽ നിന്നും ഹർജിക്കാരന് വിവരം ലഭ്യമാക്കുവാൻ താമസം നേരിട്ടെ ങ്കിലും ആവശ്യപ്പെട്ട വിവരം ടിയാന് ലഭ്യമായതായി ബോധ്യമാകുന്നു.

4) വിവരാവകാശ നിയമ പ്രകാരം ഒരു പൊതു അധികാര സ്ഥാനത്ത് ലഭ്യമായ വിവരങ്ങൾ സാധാരണ ഗതിയിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം ഹർജിക്കാരന് ലഭ്യമാക്കേണ്ടതാണ്. എസ്.പി.ഐ.ഒ. യ്ക്ക് ലഭിക്കുന്ന വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷകന് നൽകുന്നതിനായി ടി പൊതു അധികാര സ്ഥാനത്തിലെ ഏതൊരു ഉദ്യോഗസ്ഥന്റെയും സേവനം വിവരാവകാശ നിയമ ത്തിലെ 5(4) വകുപ്പ് പ്രകാരം എസ്.പി.ഐ. യ്ക്ക് ആവശ്യപ്പെടാവുന്നതാണ്. ഈ കേസ്സിൽ അപേക്ഷയിലെ 2, 3 എന്നീ ചോദ്യങ്ങളിൽ ഉൾപ്പെട്ട വിവരങ്ങൾ പോലീസ് ആസ്ഥാനത്തെ 'ഐ' സെക്ഷനിലെ നിയന്ത്രണത്തിലുള്ളതായതിനാൽ ബന്ധപ്പെട്ട വിവരം ലഭിക്കുന്നതിനായി ടി സെക്ഷനിലേക്ക് കുറിപ്പ് നൽകിയെങ്കിലും അവിടെ നിന്നും വിവരം ലഭിക്കുവാൻ കാലതാമസം നേരിടുകയാണുണ്ടായത്. അപ്രകാരം കാലതാമസം നേരിടുന്ന പക്ഷം 5(4) വകുപ്പ് പ്രകാരം ഏത് ഉദ്യോഗസ്ഥന്റെ സേവനമാണോ ആവശ്യ പ്പെട്ടത് പ്രസ്തുത ഉദ്യോഗസ്ഥൻ വിവരാവകാശ നിയമത്തിലെ 5(5) വകുപ്പ് പ്രകാരം കൽപ്പിത പൊതു വിവരാവകാശ ഓഫീസറാകുകയും അപേക്ഷകന് വിവരം ലഭ്യമാക്കു വാൻ ബാധ്യസ്ഥനാകുകയും ചെയ്യുന്നു. അപേക്ഷകർക്ക് സമയബന്ധിതമായി വിവരം


RIGHT TO INFORMAT

ലഭ്യമാക്കുന്നതിൽ വീഴ്ചയുണ്ടാകുന്ന പക്ഷം കൽപ്പിത പൊതു വിവരാവകാശ ഓഫീസർ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹനാകുന്നതാണ്. ഈ കേസ്സിൽ കൽപ്പിത പൊതു വിവരാവകാശ ഓഫീസറുടെ ഭാഗത്തു നിന്നും വിവരം ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായി എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ 18(3) (എ) വകുപ്പ് പ്രകാരം ടിയാനെ കമ്മീഷൻ മുമ്പാകെ സമൻ ചെയ്തു വരുത്തുകയും വിശദീകരണം തേടുകയും ചെയ്തതിൽ നിന്നും വിവരം നൽകുവാൻ കാലതാമസം ഉണ്ടായതിന്റെ കാരണം ടിയാൻ വിശദീകരിച്ചത് ന്യായീകരിക്കാവുന്നതാണെന്നുകണ്ട് ടിയാനെ ശിക്ഷാ നടപടിയിൽ നിന്നും ഒഴിവാക്കുന്നു.

5) മുകളിൽ പറഞ്ഞ പ്രകാരം ഈ പരാതി ഹർജിയിലെ അനന്തര നടപടികൾ ഇവിടെ അവസാനിപ്പിച്ച് ഇന്നേ ദിവസം, 2020 ഡിസംബർ മാസം 15 – ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
എസ്. സോമനാഥൻ പിള്ള
വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv


RIGHT TO INFORMATION